# കേരള സർവകലാശാല

നം.പി.ആർ.43/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 മാർച്ച് 16 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗാം ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (2015 അഡ്മിഷൻ മുതൽ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ഡിസംബറിൽ നടത്തിയ പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (റീസ്ട്രക്ച്ചേർഡ്) (മേഴ്സിചാൻസ് – 2008 അഡ്മിഷൻ വരെ, 2009 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 മാർച്ച് 2 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഒക്ടോബറിൽ നടത്തിയ എം.ഫിൽ ഫിസിക്കൽ എഡ്യൂക്കേഷൻ (2018 – 19 ബാച്ച്) എൽ.എൻ.സി.പി.ഇ, കാര്യവട്ടം വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ഗ്രൂപ്പ് ഡിസ്കഷൻ & ഇന്റർവ്യൂ മാറ്റി

സർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം) എം.ബി.എ (ഫുൾടൈം) കോഴ്സിലേക്ക് 2020 – 21 വർഷത്തെ പ്രവേശനത്തിന് 2020 ഫെബ്രുവരി 26, 27, 28 തീയതികളിൽ നടത്താനിരുന്ന ഗ്രൂപ്പ് ഡിസ്കഷനും ഇന്റർവ്യൂവും മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാഫീസ്

ഒന്നും രണ്ടും മൂന്നും വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ 2001 & 2013 സ്കീം മേഴ്സിചാൻസ്, വിദൂരവിദ്യാഭ്യാസം പരീക്ഷകൾക്ക് (ആന്വൽ) പിഴകൂടാതെ 2020 മാർച്ച് 2 വരെയും 150 രൂപ പിഴയോടെ മാർച്ച് 5 വരെയും 400 പിഴയോടെ മാർച്ച് 7 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിന് പുറമേ മേഴ്സിചാൻസ് ഫീസായ (3 പേപ്പറുകളോ അതിൽ താഴെയോ – 7500/–, 4 പേപ്പറോ അതിൽ കൂടുതലോ – ഓരോ പേപ്പറിനും 2500/– രൂപ വീതം) സി.വി ക്യാമ്പ് ഫീസായ 200 രൂപയും

ആകെ ഫീസിന്റെ 5% തുകയും അധികമായി അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഒന്നും രണ്ടും മൂന്നും വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (2014 അഡ്മിഷൻ – സപ്ലിമെന്ററി) വിദൂരവിദ്യാഭ്യാസം പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2020 മാർച്ച 2 വരെയും 150 രൂപ പിഴയോടെ മാർച്ച് 5 വരെയും 400 രൂപ പിഴയോടെ മാർച്ച് 7 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിന് പുറമേ സി.വി ക്യാമ്പ് ഫീസായ 200 രൂപയും ആകെ ഫീസിന്റെ 5% തുകയും അധികമായി അടയ്ക്കേണ്ടതാണ്.

2020 മാർച്ചിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാഗ്വേജ് ആന്റ് ലിറ്ററേച്ചർ (2015 അഡ്മിഷൻ മുതൽ) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ഫെബ്രുവരി 26 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 29 വരെയും 400 രൂപ പിഴയോടെ മാർച്ച് 3 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുഃനപരിശോധന

2019 ഡിസംബറിൽ നടത്തിയ പിഎച്.ഡി കോഴ്സ് വർക്ക് പരീക്ഷയുടെ പുഃനപരിശോധനയ്ക്ക് മാർച്ച് 2 വരെ അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ ഓരോ പേപ്പറിന് 525/- രൂപ ഫീസടച്ച് സി.എസ്.എസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

## ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു

സർവകലാശാല കോളേജ് ഡെവലപ്മെന്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2020 ഫെബ്രുവരി 24 ന് സർവകലാശാല സെനറ്റ് ചേമ്പറിൽ വച്ച് സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് വേണ്ടി "ഇന്നവേഷൻസ് ഇൻ ടീച്ചിംഗ് ലേണിംഗ് പ്രോസസ്സ്" എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. പ്രസ്തുത സെമിനാർ കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. വി.പി. മഹാദേവൻ പിള്ള ഉദ്ഘാടനം ചെയ്തു. കോളേജ് ഡെവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ. കെ. മുഹമ്മദ് ബഷീർ സ്വാഗതം ആശംസിച്ചു. കേരള സർവകലാശാല പ്രൊ – വൈസ് – ചാൻസിലർ ഡോ. പി. പി. അജയകുമാർ അദ്ധ്യക്ഷ പ്രസംഗം നടത്തി. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എസ്. നസീബ്, ഡോ. കെ. ജി. ഗോപ്ചന്ദ്രൻ, ഡോ. കെ. ബി. മനോജ് എന്നിവർ ആശംസയർപ്പിച്ചു.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ നവീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബഹു. വൈസ് ചാൻസലർ ഊന്നിപ്പറയുകയും കേരള സർവകലാശാലയുടെ സംരഭങ്ങളിൽ എല്ലാ കോളേജ് പ്രിൻസിപ്പൽമാരുടെയും സഹകരണം തേടുകയും ചെയ്തു.

ശിൽപ്പശാലയിൽ മലപ്പുറം, ഗവൺമെന്റ് കോളേജ് താനൂരിലെ ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിലെ ഡോ. അസ്കർ അലി, കേരള സർവകലാശാലയിലെ കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫോർമാറ്റിക്സ് ഡിപ്പാർട്ട്മെന്റിലെ വകുപ്പ് മേധാവി പ്രൊഫ. (ഡോ.) അച്യുത് ശങ്കർ എസ്.നായർ, ഐ.ക്യു.എ.സി ഡയറക്ടർ, ഡോ. ഗബ്രിയേൽ സൈമൺ തട്ടിൽ, സിൻഡിക്കേറ്റ് അംഗമായ അഡ്വ. കെ. എച്ച്. ബാബുജാൻ, കമ്പ്യൂട്ടർ സെന്റർ ഡയറക്ടർ ഡോ. അജി. എസ് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. കേരള സർവകലാശാല രജിസ്ട്രാർ ഡോ. സി. ആർ. പ്രസാദ് നന്ദി പ്രകാശനം ചെയ്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.

24.02.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098